ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17.11.2026 **TIME : 07.25 AM**

പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫിലിപ്പീൻസിൽ 23-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 21-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കും.

   Prime Minister Narendra Modi to attend the 23rd ASEAN-India Summit and 21st East Asia Summit in the Philippines today.

2. ഇന്ത്യ-ഈജിപ്ത് വ്യാപാര സഹകരണം ശക്തിപ്പെടുത്താൻ സംയുക്ത ഡിജിറ്റൽ പണമിടപാട് സംവിധാനങ്ങൾ വികസിപ്പിക്കണമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   Union Minister Piyush Goyal calls for joint digital payment systems to strengthen India-Egypt trade cooperation.

3. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ചൈനയുടെ സാന്നിധ്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ.

   Navy Chief Admiral Krishna Swaminathan says India is closely monitoring China's growing presence in the Indian Ocean region.

4. ശബരിമലയിൽ മണ്ഡലകാല പൂജകൾക്ക് തുടക്കമായി. കൊച്ചി വിമാനത്താവളത്തിൽ ഒരുക്കിയ ഇടത്താവളത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ ഇന്ന് നിർവഹിക്കും.

Mandala Pooja begins at Sabarimala; Kerala Chief Minister V. D. Satheesan to inaugurate pilgrim facilitation centre at Kochi airport today.

5. സാഫ് ഫുട്ബോൾ ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനുമായി ഏറ്റുമുട്ടും.

India to take on Pakistan in the SAFF Football final today.

❁❁❁❁❁❁❁❁❁❁❁❁❁❁

PM MODI-MANILA SUMMITS

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫിലിപ്പീൻസിലെ മനിലയിൽ 23-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 21-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കും. ഫിലിപ്പീൻസാണ് 2026-ലെ ആസിയാൻ അധ്യക്ഷപദവി വഹിക്കുന്നത്. പ്രാദേശിക കൂട്ടായ്മകളുമായുള്ള ഇന്ത്യയുടെ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതും, പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ സഹകരണം വിപുലീകരിക്കുന്നതിനെക്കുറിച്ചും പ്രധാനമന്ത്രി ആസിയാൻ നേതാക്കളുമായി ചർച്ച നടത്തും. 21-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിൽ, ഇന്തോ-പസഫിക് മേഖലയിലെ സമാധാനം, സ്ഥിരത, സുരക്ഷ, സഹകരണം എന്നിവ ചർച്ചയാകും. 2026-

നെ ആസിയാൻ-ഇന്ത്യ സമുദ്ര സഹകരണ വർഷമായാണ് ഇന്ത്യയും ആസിയാനും ആചരിക്കുന്നുത്.

❁❁❁❁❁❁❁❁❁❁❁❁❁

INDIA-RE-ELECTED ITU COUNCIL

ഐക്യരാഷ്ട്രസഭ ഏജൻസിയായ അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ കൗൺസിലിലേക്ക് ഇന്ത്യ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഖത്തറിലെ ദോഹയിൽ നടക്കുന്ന ഐ.ടി.യു പ്ലീനിപൊട്ടൻഷ്യറി കോൺഫറൻസിൽ വച്ചാണ് തീരുമാനം. സുരക്ഷിതവും സുസ്ഥിരവുമായ ഡിജിറ്റൽ ഭാവിക്കായി അംഗരാജ്യങ്ങളോടൊപ്പം പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ഇന്ത്യ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

NITI AAYOG – NATIONAL WORKSHOP

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണനേതൃത്വത്തിൽ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ പശ്ചാത്തലത്തിൽ, നിതി ആയോഗ് സംഘടിപ്പിക്കുന്ന ശില്പശാല പരമ്പരകളിൽ ആദ്യത്തേത് ഇന്ന് ന്യൂഡൽഹിയിൽ നടക്കും. അഞ്ച് ദേശീയ ശിൽപ്പശാലകളാണ് നിതി ആയോഗ് സംഘടിപ്പിക്കുന്നത്. അടുത്ത വർഷം ഒക്ടോബർ വരെ പരമ്പര തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

GOYAL : EGYPT-INDIA STARTUPS

ഇന്ത്യയും ഈജിപ്തും തമ്മിലുള്ള വ്യാപാര-സംരംഭക സഹകരണം ശക്തിപ്പെടുത്തുന്നതിനായി അതിർത്തി കടന്നുള്ള പണമിടപാട് സംവിധാനങ്ങൾ സംയുക്തമായി വികസിപ്പിക്കാൻ ഇരു രാജ്യങ്ങളിലെയും ഫിൻടെക് കമ്പനികളോട് ആഹ്വാനം ചെയ്ത് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. കെയ്റോയിൽ ഇന്ത്യ-ഈജിപ്ത് സ്റ്റാർട്ടപ്പ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ യു.പി.ഐയും ഈജിപ്തിന്റെ ഇൻസ്റ്റാപേയും ഒരേ രീതിയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളാണെന്ന് ശ്രീ പിയൂഷ് ഗോയൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁

NAVY CHIEF (INTRO)

ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ചൈനയുടെ സാന്നിധ്യം വർധിച്ചുവരുന്നത് സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ. ന്യൂഡൽഹിയിൽ സ്വകാര്യ വാർത്താ ഏജൻസി സംഘടിപ്പിച്ച ദേശീയ സുരക്ഷാ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ദേശീയ താൽപര്യം മുൻനിർത്തി, ഈ മേഖലയിലെ നീക്കങ്ങൾ നിരീക്ഷിക്കുക എന്നത് ഇന്ത്യൻ നാവികസേനയുടെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്.....)

❁❁❁❁❁❁❁❁❁❁❁❁❁❁

SOCIAL JUSTICE- SUMMIT

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം സംഘടിപ്പിക്കുന്ന ദ്വിദിന ഉച്ചകോടി നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും. ദേശീയ മുൻഗണനകളിൽ കൂട്ടായ ഉത്തരവാദിത്തം വളർത്തുന്നതിനും വികസന നേട്ടങ്ങൾ വേഗത്തിലാക്കുന്നതിനുമായി പ്രധാനമന്ത്രി വിഭാവനം ചെയ്ത വകുപ്പുതല ഉച്ചകോടികളുടെ പരമ്പരയിലെ മൂന്നാമത്തേതാണിത്. 'സമാവേശി നീതി സങ്കൽപ്പ്' എന്ന പേരിൽ നടക്കുന്ന ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

MEGHWAL- REVIEW MEETING

വിവിധ സംസ്ഥാനങ്ങളിലെ അഡ്വക്കേറ്റ് ജനറൽമാരുമായി കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്വാൾ ഓൺലൈൻ യോഗം ചേർന്നു. സർക്കാർ കക്ഷിയായുള്ള വ്യവഹാരങ്ങൾ കുറയ്ക്കുക, ക്രിമിനൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുക തുടങ്ങിയ പ്രധാന വിഷയങ്ങൾ അവലോകനം ചെയ്തതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. നീതിന്യായ പ്രക്രിയ കൂടുതൽ സുഗമവും ഫലപ്രദവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും കേന്ദ്ര നിയമ മന്ത്രി മുന്നോട്ടുവച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

AKASHVANI – RISING STARS

യുവകലാകാരന്മാർക്കായി ആകാശവാണി സംഘടിപ്പിക്കുന്ന ദേശീയ സംഗീതപരമ്പരയായ 'AIR റൈസിങ് സ്റ്റാർസി'ന്റെ ആദ്യ സീസണിന് ഇന്ന് തുടക്കമാകും. ആകാശവാണിയുടെ 90-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഈ മാസം 30 വരെ രാജ്യത്തെ 26 കേന്ദ്രങ്ങളിലായാണ് സംഗീതപരിപാടികൾ സംഘടിപ്പിക്കുന്നത്.

BADRINATH CLOSURE

ശൈത്യകാലം തുടങ്ങിയതോടെ , ബദരീനാഥ് ധാം ഇന്നലെ അടച്ചു. ഇതോടെ ഈ വർഷത്തെ ചാർ ധാം യാത്രക്ക് സമാപനമായി. ഈ വർഷം രാജ്യത്തിനകത്തും പുറത്തു നിന്നുമായി 65 ലക്ഷത്തിലധികം തീർത്ഥാടകർ നാല് പുണ്യസ്ഥലങ്ങളും സന്ദർശിച്ചു.

SABARIMALA

വൃശ്ചികം ഒന്നായ ഇന്ന് പുലർച്ചെ ശബരിമലയിൽ മണ്ഡലകാല പൂജകൾക്ക് തുടക്കമായി. മണ്ഡലകാല തീർത്ഥാടനത്തിന്റെ ആദ്യ ദിനത്തിൽ തന്നെ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. പുലർച്ചെ സന്നിധാനത്ത് ദർശനം നടത്തിയ ദേവസ്വം മന്ത്രി കെ മുരളീധരൻ രാവിലെ ഉദ്യോഗസ്ഥരുമായി യോഗം ചേരും. തീർത്ഥാടനത്തിന് തുടക്കം കുറിച്ച് ശബരിമല ക്ഷേത്ര നട ഇന്നലെ വൈകിട്ട് നാലിനാണ് തുറന്നത്.

CM –CIAL

ശബരിമല തീർത്ഥാടകർക്കായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒരുക്കിയ ഇടത്താവളത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ ഇന്ന് നിർവഹിക്കും. ആഭ്യന്തര ആഗമന ടെർമിനലിന് സമീപമാണ് ഇടത്താവളം സജ്ജീകരിച്ചിരിക്കുന്നത്. കെ. എസ്. ആർ. ടി. സി ബുക്കിങ് കൗണ്ടർ, ദേവസ്വം ഹെൽപ്പ് ഡെസ്ക്, പ്രസാദം കൂപ്പൺ കൗണ്ടർ എന്നീ സൗകര്യങ്ങൾ ഇടത്താവളത്തിൽ ലഭ്യമാകും.

RADHOLSAVAM–PALAKKAD

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. നാല് ആഗ്രഹാര ക്ഷേത്രങ്ങളിലും രാവിലെ പ്രത്യേക പൂജകൾ നടക്കും. ഇന്നലെ വൈകുന്നേരം തേര് മുട്ടിയിൽ നടന്ന ദേവരഥ സംഗമത്തിന് പതിനായിരങ്ങളാണ് സാക്ഷിയായത്.

SEA VIGIL(INTRO)

തീരദേശ പ്രതിരോധ അഭ്യാസമായ സീ വിജിൽ–26ന്റെ ഭാഗമായി ഇന്ത്യൻ നാവികസേന കൊച്ചിയിൽ മാധ്യമ

സംവാദം സംഘടിപ്പിച്ചു. തീര സുരക്ഷ ശക്തിപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും നിർണായക പങ്കുണ്ടെന്ന് നാവികസേനാ അധികൃതർ വ്യക്തമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ.....

(വോയിസ്)



AGRICULTURAL SCIENTIST

പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ കൊടോത്ത് പ്രഭാകരൻ നായർ കോഴിക്കോട് മലാപ്പറമ്പിലെ വസതിയിൽ അന്തരിച്ചു. 88 വയസായിരുന്നു. ഏകദേശം 20 പുസ്തകങ്ങൾ, 100-ലധികം ഗവേഷണ പ്രബന്ധങ്ങൾ എന്നിവ രചിച്ചിട്ടുണ്ട്.



SAFF CHAMPIONSHIP

സാഫ് ഫുട്ബോൾ ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനുമായി ഏറ്റുമുട്ടും. പത്താം സാഫ് കിരീടവും, തുടർച്ചയായ മൂന്നാം കീരീടവും ലക്ഷ്യമിട്ടാണ് ഇന്ത്യ ഇന്ന് കളിക്കളത്തിൽ ഇറങ്ങുക. ധാക്ക സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.



US ADVISORY - EUROPE

യൂറോപ്പിലൂടെ യാത്ര ചെയ്യുന്ന അമേരിക്കൻ പൗരന്മാർക്കായി സുരക്ഷാ മുന്നറിയിപ്പ് പുറത്തിറക്കി മാഡ്രിഡിലെ യു.എസ് എംബസി. ആഘോഷങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഗതാഗത കേന്ദ്രങ്ങൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങി ജനത്തിരക്കുള്ള പൊതുസ്ഥലങ്ങളിൽ അതീവ ജാഗ്രത പാലിക്കണമെന്ന് എംബസി നിർദ്ദേശിച്ചു. ഭീകരാക്രമണ സാധ്യതയുള്ളതിനാൽ ഔദ്യോഗിക നിർദ്ദേശങ്ങൾ പാലിക്കാനും എംബസി അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

TANKER FIRE - HORMUZ

ഹോർമുസ് കടലിടുക്കിലും പരിസരത്തുമായി കഴിഞ്ഞ ദിവസം എണ്ണ ടാങ്കറുകൾക്ക് നേരെ ആക്രമണമുണ്ടായതായി റിപ്പോർട്ട്. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സമുദ്രമേഖലയിലൂടെ സഞ്ചരിക്കുന്നതിനിടെ, നാവിക മൈനിൽ ഇടിച്ചതിനെത്തുടർന്നാണ് ടാങ്കറിൽ തീപിടിച്ചതെന്ന് ഇറാനിയൻ നാവികസേന അറിയിച്ചു. അതേസമയം, ഒമാൻ തീരത്തിനടുത്തും ടാങ്കറിനു നേരെ ആക്രമണം നടന്നതായി യു.കെ മാരിടൈം ട്രേഡ് ഓപ്പറേഷൻസ് ഏജൻസിയും റിപ്പോർട്ട് ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

TRUMP- QUAD & Xi TALKS

യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഫിലിപ്പീൻസ്-ചൈന സന്ദർശനത്തിന് തുടക്കം. ചൈനീസ് പ്രസിഡന്റ് ഷി

ജിൻപിങ്ങുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഷി ജിൻപിങ്ങും റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനുമായുള്ള ത്രികക്ഷി ചർച്ചയും സന്ദർശനത്തിന്റെ ഭാഗമായി നടക്കും.

GOA CM-IFFI PREPARATIONS

57-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഒരുക്കങ്ങൾ വിലയിരുത്തി ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത്. ഈ മാസം 20 മുതൽ 28 വരെയാണ് ഗോവയിൽ ചലച്ചിത്ര മേള നടക്കുന്നത്. ശ്രീഹരി ഹരിദാസ് രചനയും സംവിധാനവും നിർവ്വഹിച്ച മലയാള ചിത്രം 'അജയന്റെ മരണം: ഒരു കേസ് സ്റ്റഡി' മേളയിലെ ഇന്ത്യൻ പനോരമ: ന്യൂ ഹൊറൈസൺ വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.